**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 746** **02-02-2023 - ൽ മറുപടിയ്ക്ക്**

**റിസ്ക് ഫണ്ട് അനുവദിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എം.സച്ചിൻദേവ് | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | സഹകരണ ബാങ്കിൽ നിന്ന് ലോൺ എടുത്ത ആൾ മരണപ്പെട്ടാൽ അവർക്ക് നഷ്ടപരിഹാരമായി നൽകുന്ന റിസ്ക് ഫണ്ട് അനുവദിക്കുന്നത് ആരാണെന്നും പ്രസ്തുത ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടികൾ എന്തൊക്കെയാണെന്നും വിശദമാക്കാമോ; | (എ) | റിസ്ക് ഫണ്ട് ധനസഹായം അനുവദിക്കുന്നത് കേരള സഹകരണ വികസന ക്ഷേമനിധി ബോർഡ് മുഖേനയാണ്.<br><br>റിസ്ക് ഫണ്ട് ആനുകൂല്യം ലഭിക്കുന്നതിനായി നിർദ്ദിഷ്ട മാതൃകയിലുള്ള റിസ്ക് ഫണ്ട്/ ചികിത്സ ധനസഹായ അപേക്ഷ ബന്ധപ്പെട്ട രേഖകൾ സഹിതം ബാങ്ക് നിർദ്ദിഷ്ട ഉദ്യോഗസ്ഥതല ശുപാർശയോടെ കേരള സഹകരണ വികസനക്ഷേമനിധി ബോർഡിൽ സമർപ്പിക്കേണ്ടതാണ്. അർഹതാ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ അപേക്ഷ പരിശോധിച്ച ശേഷം റിസ്ക് ഫണ്ട് പദ്ധതി നിയമാവലി പ്രകാരം അർഹതപ്പെട്ട തുക ധനസഹായമായി അനുവദിച്ചു വരുന്നു. |
| (ബി) | പ്രസ്തുത ഫണ്ട് അനുവദിക്കുന്നതിൽ പലപ്പോഴും കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കാമോ; | (ബി) | റിസ്ക് ഫണ്ട് അപേക്ഷകളിൽ തീരുമാനം എടുക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കി ആനുകൂല്യങ്ങൾ കഴിയുന്നത്ര വേഗത്തിൽ അനുവദിക്കുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. ഓൺലൈൻ ആയി അപേക്ഷ സമർപ്പിച്ച് സമയബന്ധിതമായി തീർപ്പ് കൽപ്പിക്കുന്നതിനുള്ള സോഫ്റ്റ് വെയർ സംവിധാനം ബോർഡിൽ നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു. |
| (സി) | സഹകരണ ബാങ്കിൽ നിന്ന് ലോൺ എടുത്ത ആൾ മരണപ്പെട്ടാൽ തിരിച്ചടവിൽ ഏതെല്ലാം തരത്തിലുള്ള ഇളവുകളാണ് നൽകുന്നതെന്ന് വിശദമാക്കാമോ? | (സി) | അർഹതാ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ അപേക്ഷ പരിശോധിച്ച ശേഷം റിസ്ക് ഫണ്ട് പദ്ധതി നിയമാവലി പ്രകാരം അർഹതപ്പെട്ട തുക ധനസഹായമായി അനുവദിച്ചു വരുന്നു.<br><br>റിസ്ക് ഫണ്ട് പദ്ധതി നിയമാവലി ഭേദഗതി പ്രകാരം വായ്പയെടുത്ത അംഗം വായ്പാ കാലാവധിയിലോ വായ്പാ കാലാവധി കഴിഞ്ഞ് 6 മാസത്തിനുള്ളിലോ മരണപ്പെടുകയാണെങ്കിൽ ബോർഡിന്റെ നിയമാവലി |

| | | | |
|---|---|---|---|
| | | | നിബന്ധനകൾക്ക് വിധേയമായി ടിയാളുടെ പേരിൽ അന്നേ ദിവസം ബാക്കി നിൽക്കുന്ന വായ്പാ മുതൽ അല്ലെങ്കിൽ 3,00,000/-രൂപ ഇതിൽ ഏതാണോ കുറവ് ആ തുക ഫണ്ടിൽ നിന്നും നൽകാവുന്നതാണ്. |

സെക്ഷൻ ഓഫീസർ